കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 1-4-2015 മുതൽ ഇവരുടെ പ്രതിദിന വേതന നിരക്ക് 229 രൂപയാണ്.

വർഷം	തൊഴിലിലേർപ്പെട്ട കുടുംബങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
2011-12	1416441	1562991
2012-13	1526283	1664980
2013-14	1526283	1643206
2014-15	1379794	1512501
2015-16 (22-6-2015 വരെ)	400782	423593

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (ആർ.എസ്.ബി.വൈ.) അംഗങ്ങളാക്കുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നടപ്പിലാക്കിയിട്ടില്ല.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ

43 (2675) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ നൽകുമെന്ന പ്രഖ്യാപനം 2013-14-ലെ ബഡ്ജറ്റിൽ നടത്തിയിരുന്നുവോ ; പ്രസ്തുത പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി ഒരു പെൻഷൻ പദ്ധതി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly